2026_DP_876733-1

# ചീക്കോട് ഗ്രാമപഞ്ചായത്ത്

പി.ഒ മുണ്ടക്കൽ

മലപ്പുറം ജില്ല,പിൻ : 673645

ഫോൺ: 0483 2725235

cheacodegp@gmail.com

AS- 383/26

06/10/2026

## ഇ-ടെണ്ടർ നോട്ടീസ്

ചീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2026 - 27 വാർഷിക പദ്ധതിയില് ഉൾപ്പെടുത്തി 1200000 രൂപ വകയിരുത്തിയ പ്രോജക്ട് നമ്പർ 383/26 റിജക്ടഡ് വേസ്റ്റ് അംഗീകൃത ഏജൻസിക്ക് കൈമാറൽ എന്ന പദ്ധതി നടപ്പാക്കുന്നതിന് എം സി എഫി ൽ സ്റ്റോക്ക് ചെയ്ത തെർമോക്കോൾ, ലതർ, ഇ വേയ്സ്റ്റ്, ഉൾപ്പടെയുള്ള അജൈവ പാഴ് വസ്തുക്കൾ നീക്കം ചെയ്യുന്നതിന് സർക്കാർ അംഗീകൃത കമ്പനികളിൽ നിന്ന് ടെണ്ടർ ക്ഷണിക്കുന്നു **ഒരു കിലോ അജൈവ പാഴ് . വസ്തുക്കൾ നീക്കം ചെയ്യുന്നതിന് എത്ര രൂപ (നികുതികൾ അടക്കം) എന്നാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്.** വിശദമായ വിവരങ്ങളും www.etenders.kerala.gov.in, http://www.tender.lsgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്നോ ഗ്രാമപഞ്ചായത്ത് ഓഫീസില് നിന്നോ പ്രവൃത്തി സമയത്ത് ലഭിക്കുന്നതാണ്. (8547259844)

| 1 | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ആവശ്യമായ വിവരണം |
|---|---|---|---|---|
| 1 | 383/26 | റിജക്ടഡ് വേസ്റ്റ് അംഗീകൃത ഏജൻസിക്ക് കൈമാറൽ | 1200000 രൂപ | റിജക്ടഡ് വേസ്റ്റ് അംഗീകൃത ഏജൻസിക്ക് കൈമാറൽ |

### Form of Tender Notice

(see para 3.3(ii), 3.4.2(i), 3.6.2)

| | | |
|---|---|---|
| 1 | ടെണ്ടർ നമ്പര്, തീയതി | 1/2026-27 06/10/2026 |
| 2 | ടെണ്ടർ ഫീ | 2400 രൂപ |
| 3 | ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി | 26/10/2026 3 PM |
| 4 | ടെണ്ടർ തുറന്ന് പരിശോധിക്കുന്ന തീയതി സമയം | 27/10/2026 4 PM |
| 5 | ഇ.എം.ഡി | 12000 രൂപ |
| 6 | ടെണ്ടർ സമർപ്പിക്കേണ്ട ഓഫീസ് | അസിസ്റ്റന്റ സെക്രട്ടറി, ചീക്കോട് ഗ്രാമപഞ്ചായത്ത്, മുണ്ടക്കൽ.പി.ഒ, മലപ്പുറം ജില്ല 673645 |

**നിബന്ധനകൾ**

*ടെൻഡറിൽ ഏർപ്പെടുന്ന സ്ഥാപനത്തിന് അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് സംസ്ഥാന ശുചിത്വ മിഷന്റെ അംഗീകാരമുണ്ടായിരിക്കണം.

*കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ അജൈവ മാലിന്യ പരിപാലനം നടപ്പിലാക്കിയതിൽ കുറഞ്ഞത് 1 വർഷത്തെ പ്രവൃത്തി പരിചയമുണ്ടായിരിക്കണം. സർടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
*ഹരിത കേരളം മിഷൻ അംഗീകരിച്ച ഹരിത സഹായ സ്ഥാപന പദവിയുള്ള സ്ഥാപനമായിരിക്കണം.(പകർപ്പ് അറ്റാച്ച് ചെയ്യണം)
*അജൈവ മാലിന്യം കയറ്റി കൊണ്ട് പോവുന്ന സ്ഥാപനത്തിന് അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടി മലിനീകരണ നിയന്ത്രണ ബോർഡിൻറെ അംഗീകാരമുള്ള മെറ്റീരിയൽ സെഗ്രിഗേഷൻ പ്ലാൻ്റ് ഉണ്ടായിരിക്കണം. (മലിനീകരണ നിയന്ത്രണ ബോർഡിൻറെ The water (prevention & control of pollution )act-1974 The air (prevention & control of pollution) Act-1981, The Environmental (Protection) Act-1986 (1 Consent to Establish & Consent to Operate/authorisation registration).
*മെറ്റീരിയൽ സെഗ്രിഗേഷൻ പ്ലാന്റ് ഫയർ ആൻഡ് സേഫ്റ്റി സംവിധാനമുള്ളതും 1986-ലെ ബാലവേല നിരോധന ആക്ട് പ്രകാരം പ്രവർത്തിക്കുന്നതുമായിരിക്കണം.
*അജൈവ മാലിന്യം കയറ്റി കൊണ്ട് പോവുന്ന വാഹനം GPS സംവിധാനമുള്ളതും, ട്രാക്കിംഗ് വിവരങ്ങൾ ലഭ്യമാവുന്നതും ആയിരിക്കണം.
*ഓരോ തവണ അജൈവമാലിന്യം നീക്കം ചെയ്യുമ്പോഴും അവ എത്തിക്കുന്ന സംസ്കരണ കേന്ദ്രത്തിൻ്റെ പൂർണമായ വിവരങ്ങൾ പഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.
*ഓരോ മാസവും അജൈവ മാലിന്യ നീക്കം പൂർത്തിയാവുന്ന മുറയ്ക്ക് ഏജൻസികൾ നിർദ്ദിഷ്ട മാനിഫെസ്റ്റ് (Annexure II) പൂരിപ്പിച്ചു 7 ദിവസത്തിനുള്ളിൽ ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്.
*കയറ്റി കൊണ്ട് പോയ മാലിന്യം ശാസ്ത്രീയ സംസ്കരണത്തിനായി സിമൻ്റ് ഫാക്ടറികൾക്കാണ് നൽകുന്നതെങ്കിൽ ആയതിന്റെ മുൻ വർഷത്തെ കരാർ,കോ പ്രോസസ്സിംഗ് സർട്ടിഫിക്കറ്റ് , നിലവിലെ സാമ്പത്തിക വർഷത്തിൽ സിമന്റ് ഫാക്ടറിയുമായുള്ള കരാർ എന്നിവയുടെ പകർപ്പ് സമർപ്പിക്കേണ്ടതാണ്.
*കൈമാറിയ മാലിന്യം ശാസ്ത്രീയമായി സംസ്കരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.
*മാലിന്യ ശേഖരണത്തിനായി കരാറിൽ ഏർപ്പെട്ട ഏജൻസി, തേർഡ് പാർട്ടിക്ക് മാലിന്യം കൈമാറാതെ സ്വന്തം നിലക്ക് സിമന്റ് ഫാക്ടറികൾക്ക് .കൈമാറേണ്ടതാണ്-
*കയറ്റി കൊണ്ട് പോയ മാലിന്യത്തിന്റെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് മാസാന്ത റിപ്പോർട്ട് പഞ്ചായത്തിന് സമർപ്പിക്കേണ്ടതാണ്.
*G.O.(Rt)No.1673/2021/LSGD അനുശാസിക്കും പ്രകാരം ശേഖരിക്കുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക് രിക്കേണ്ടതാണ്.
*സ്ഥാപനത്തിന് GST രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണംആയതി)ന്റെ പകർപ്പ് സമർപ്പിക്കേണ്ടതാണ്
*ഇ-ടെണ്ടർ സമർപ്പിക്കുന്നതിന് മുമ്പായി എംസി എ.ഫിലെ സൗകര്യങ്ങൾ വാഹന സൗകര്യം എന്നിവ സ്ഥലം സന്ദർശിച്ച് ഉറപ്പാക്കേണ്ടതാണ്.
*മാലിന്യം കയറ്റി കൊണ്ട് പോവുന്നതിന് പുറമെ പഞ്ചായത്തിന്റെ മാലിന്യ സംസ്കരണ നിർമാർജന പരിപാടികളിലും, ഹരിത കർമ്മ സേന വാതിൽപ്പടി ശേഖരണ പരിപാടിയിലും സ്ഥാപനത്തിന് സൗജന്യമായി ചെയ്തു തരാൻ സാധിക്കുന്ന അധിക സഹായങ്ങളുണ്ടെങ്കിൽ അവ വ്യക്തമാക്കേണ്ടതും,അത്തരം സേവനങ്ങൾ മറ്റു പഞ്ചായത്തുകളിൽ ചെയ്തതിന്റെ റിപ്പോർട്ട്,ഫോട്ടോസ് എന്നിവ ഹാജരാക്കേണ്ടതാണ്.
*ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തന മാതൃക ഭരണസമിതിക്ക് മുമ്പാകെ അവതരിപ്പിക്കേണ്ടതാണ്.
*ഏതൊരു ടെൻഡറും ഭാഗികമായോ പൂർണ്ണമായോ വിശേഷിച്ച് കാരണമൊന്നും കാണിക്കാതെ നിരസിക്കുന്നതിനും ടെൻഡർ നടപടികൾ ഒന്നാകെ മാറ്റി വയ്ക്കുന്നതിനും പഞ്ചായത്ത് ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കും.
*കുറഞ്ഞ തുക കോട്ട് ചെയ്തത് കൊണ്ട് യോഗ്യതയായി കണക്കാക്കുന്നതല്ല.
*വിശദവിവരങ്ങൾ www.etenders.kerala.gov.in എന്ന വെബ്സൈറ്റിലും ഗ്രാമപഞ്ചായത്ത് ഓഫീസിൽനിന്നും ലഭ്യമാണ്.

Office of the Cheacode Grama Panchayath Mundakkal P O Malappuram Pin-673645

06/10/26

അസിസ്റ്റന്റ് സെക്രട്ടറി
ചീക്കോട് ഗ്രാമപഞ്ചായത്ത്

DINURAJ. P.B
(PEN 575709)
ASSISTANT SECRETARY
CHEACODE GRAMA PANCHAYAT
MUNDAKKAL P.O. 673645